"ഭരണഭാഷ-മാതൃഭാഷ"

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 11-06-2020

**കേരള പ്രിസൺസ് &**
**കറക്ഷണൽ സർവ്വീസസ്**

## സർക്കുലർ നം 55/2020

കോവിഡ് വ്യാപനത്തെ തുടർന്ന് ആശുപത്രി സന്ദർശനം പരമാവധി ഒഴിവാക്കി ജനങ്ങൾക്ക് വൈദ്യസഹായം നൽകുന്നതിനായി വ്യക്തി സൌഹൃദ ടെലിമെഡിസിൻ കൺസൽട്ടേഷൻ ആയ ഇ സഞ്ജീവനി ബഹു. ആരോഗ്യ സാമൂഹ്യനീതി വകുപ്പ് മന്ത്രി ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ ആദ്യ ടെലികൺസൽട്ടേഷൻ സ്വീകരിച്ചു കൊണ്ട് ഉത്ഘാടനം നിർവഹിക്കുകയുണ്ടായി. esanjeevaniopd.in/kerala എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് വീഡിയോ കോൺഫറൻസിംഗ് വഴി ഡോക്ടറോട് സംസാരിക്കാനും മരുന്നിൻ്റെ കുറിപ്പടികൾ സ്വീകരിക്കുവാനും സാധിക്കുന്ന വിധമാണ് ഈ ക്രമീകരണം ഏർപ്പെടുത്തിയിട്ടുള്ളത്. ആശുപത്രി സന്ദർശനം വഴി ഉണ്ടാകുന്ന സാമൂഹ്യ ഇടപെടൽ ഒഴിവാക്കാനും ഇതിനായി പോലീസ്, ജയിൽ ഉദ്യോഗസ്ഥരുടെ എസ്കോർട്ട് കുറയ്ക്കാനും കഴിയുന്ന പ്രസ്തുത സംവിധാനം ജയിൽ സ്ഥാപനങ്ങളിൽ പരമാവധി ഉപയോഗപ്പെടുത്തുവാൻ നിർദേശിക്കുന്നു. ഇത് സംബന്ധമായി കൂടുതൽ വിവരങ്ങൾക്ക് ജയിൽസ്ഥാപനമേധാവികൾക്ക് ദിശ 1056 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽസ്ഥാപന മേധാവികൾക്ക്

പകർപ്പ് : ഡി.ഐ.ജി
ദക്ഷിണമേഖല/മദ്ധ്യമേഖല/ഉത്തരമേഖല